**മഹാത്മാഗാന്ധി സർവ്വകലാശാല**
(സംഗ്രഹം)

**വിഷയം : എ . ജി യുടെ ഓഡിറ്റ് റിപ്പോർട്ട് – 2016–18 വർഷത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് തടസ്സവാദങ്ങളും അവയുള്ള മറുപടികളും അംഗീകരിക്കുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനം – ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആസൂത്രണവും വികസനവും III – സെക്ഷൻ**

**യു ഓ നം : 3411/പി&ഡി 3/2/2019/ഭ.വി** **തീയതി :26.11.2019**

---

**പരാമർശം:**
1) കത്ത് നം . SGS II (HQ) III /II/8-3834/18-19/195 തീയതി 17.10.2018
2) 16.11.2019 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.23/19.08/190656

**ഉത്തരവ്**

പരാമർശം (1) പ്രകാരം, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ 2016–18ലെ റിപ്പോർട്ടിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ഓഡിറ്റ് തടസ്സവാദങ്ങളും നിരീക്ഷണങ്ങളും ഉൾപ്പെടുത്തിയിരുന്നു. ഓഡിറ്റ് തടസ്സവാദങ്ങൾക്കും നിരീക്ഷണങ്ങൾക്കും സർവകലാശാലയിലെ വിവിധ സെക്ഷനുകളും ഡിപ്പാർട്മെന്റുകളും ലഭ്യമാക്കിയ വിവരങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ മറുപടി വൈസ് ചാൻസലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. വൈസ് ചാൻസലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ഖണ്ഡികകളും അവക്കുള്ള മറുപടികളും സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

പരാമർശം (2) പ്രകാരം , 16.11.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം 2016–18 വർഷത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച എ . ജി യുടെ ഓഡിറ്റ് തടസ്സവാദങ്ങളും അവയുള്ള മറുപടികളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

**ഒപ്പ്**
**ദിലീപ് കുമാർ. ആർ**
**ഡെപ്യൂട്ടി രജിസ്ട്രാർ (പി &ഡി)**
**രജിസ്ട്രാർക്ക് വേണ്ടി**

**പകർപ്പ്:**
1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / പരീക്ഷ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. എ . ജി യുടെ ഓഫീസ്
4. ജോയിന്റ് രജിസ്ട്രാർ– 1 (ഭരണ വിഭാഗം )
5. ജോയിന്റ് രജിസ്ട്രാർ– 3 (ഭരണ വിഭാഗം )
6. ജോയിന്റ് ഡയറക്ടർ , കെ എസ് എ ഡി
7. റെക്കോർഡ്സ് സെക്ഷൻ
8. എ സി സി സെക്ഷൻ / സി . എം . എസ്
9. എസ് .എഫ്/ എഫ്. സി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

**ഫയൽ നം. FO Sec 5/9881/AG/2016-18**